"ഭരണഭാഷ – മാതൃഭാഷ"

Break the chain

# കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണ വകുപ്പ് - കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ അതിഥി മന്ദിരങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്

സ.ഉ.(സാധാ) നം.3005/2020/പൊ.ഭ.വ

തിരുവനന്തപുരം, തീയതി, 05.10.2020

പരാമർശം : (1) സ.ഉ.(കൈ) 354/2017/പൊ.ഭ.വ. തീയതി, 27.11.2017
(2) 17.03.2020 ലെ 31/പൊളി. 3/2020/പൊ.ഭ.വ നമ്പർ പരിപത്രം
(3) 17.06.2020 ലെ 49/പോൾ.3/2020/പൊ.ഭ.വ നമ്പർ സർക്കാർ കത്ത്

## ഉത്തരവ്

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ അതിഥി മന്ദിരങ്ങൾ താത്കാലികമായി അടയ്ക്കുകയും തുടർന്ന് സർക്കാർ അതിഥി മന്ദിരങ്ങളിലേക്കുള്ള താമസം കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആരോഗ്യപ്രവർത്തകർക്ക് മാത്രമായി നിജപ്പെടുത്തുകയുമുണ്ടായി. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള അൺലോക്ക് മാർഗ്ഗനിർദ്ദേശത്തിന്റെ വെളിച്ചത്തിൽ സർക്കാർ അതിഥി മന്ദിരങ്ങൾ തുറന്നു പ്രവർത്തിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ ബഹു. ഗവർണ്ണർ, മുഖ്യമന്ത്രി, സ്പീക്കർ, ഡെ.സ്പീക്കർ, മന്ത്രിമാർ, ഹൈക്കോടതി ജഡ്ജിമാർ, വിശിഷ്ടാതിഥികൾ, എം.എൽ.എ./എം.പി.മാർ, മുൻ മന്ത്രിമാർ, മുൻ എം.എൽ.എ/ എം.പി.മാർ, മറ്റ് ക്യാബിനറ്റ് പദവി അലങ്കരിക്കുന്നവർ, ഉന്നത സർക്കാർ ഉദ്യോഗസ്ഥർ എന്നിവർക്ക് ഔദ്യോഗികാവശ്യങ്ങൾക്ക് മാത്രമായി താമസ സൗകര്യം അനുവദിക്കുന്നതിലേക്കായി സർക്കാർ അതിഥി മന്ദിരങ്ങൾ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(1) സർക്കാർ അതിഥി മന്ദിരവും, പരിസരവും കൃത്യമായ ഇടവേളകളിൽ അണുനശീകരണം നടത്തേണ്ടതും, ജീവനക്കാർ ഇടവേളകളിൽ കൈകൾ സാനിറ്റൈസർ ഉപയോഗിച്ചോ, സോപ്പ് ഉപയോഗിച്ചോ കഴുകി ശുചിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. സാനിറ്റൈസേഷൻ/കൈ കഴുകൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ടൂറിസം ഡയറക്ടർ ശ്രദ്ധിക്കേണ്ടതാണ്.

(2) സർക്കാർ അതിഥി മന്ദിരങ്ങളിലെ എല്ലാ ജീവനക്കാരും നിർബന്ധമായും മാസ്ക് ധരിക്കേണ്ടതും വരുന്ന അതിഥികൾ കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും മാനേജർമാർ ഉറപ്പുവരുത്തേണ്ടതാണ്.

(3) അതിഥികൾ അതിഥി മന്ദിരത്തിലേക്ക് പ്രവേശിക്കുമ്പോൾ തെർമൽ സ്കാനർ ഉപയോഗിച്ച് ശരീരോഷ്മാവ് പരിശോധിച്ച് അനുവദനീയമായ പരിധിക്കുള്ളിൽ ആണെന്ന് മാനേജർമാർ ഉറപ്പുവരുത്തേണ്ടതും, അതിഥികൾ കൈകൾ സാനിറ്റൈസർ/സോപ്പ് ഉപയോഗിച്ച് ശുചിയാക്കുന്നതിനായി പ്രവേശന കവാടങ്ങളിൽ ആയവ സൂക്ഷിക്കേണ്ടതുമാണ്. അതിഥികൾ Chek out ചെയ്യുമ്പോൾ മുറിയും, ശുചിമുറിയും അണുനശീകരണം നടത്തി കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് വൃത്തിയാക്കേണ്ടതാണ്. Check in ചെയ്തതിനുശേഷം അതിഥി മന്ദിരങ്ങളിൽ നിന്ന് അതിഥികൾ പുറത്തിറങ്ങി തിരിച്ച് വരുമ്പോഴും പ്രവേശനകവാടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന സാനിറ്റൈസർ/സോപ്പ് ഉപയോഗിച്ച് കൈകൾ ശുചിയാക്കുന്നുണ്ടെന്ന് മാനേജർമാർ ഉറപ്പുവരുത്തേണ്ടതാണ്.

(4) അതിഥി മന്ദിരങ്ങളിൽ ലിഫ്റ്റുകൾ ഉപയോഗിക്കുന്ന അതിഥികൾക്ക് സാമൂഹിക അകലം ഉറപ്പ് വരുത്തുന്നതിന് ലിഫ്റ്റുകളിൽ അനുവദനീയമായ ആളുകളുടെ എണ്ണം പുതുക്കി നിശ്ചയിച്ച് ലിഫ്റ്റിന് പുറത്ത് ഇതു സംബന്ധിച്ച അറിയിപ്പ് പ്രദർശിപ്പിക്കേണ്ടതും, ആയത് പാലിക്കുന്നുണ്ടെന്ന് മാനേജർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

(5) സർക്കാർ അതിഥി മന്ദിരങ്ങളിൽ മുറികൾ ഉറപ്പുവരുത്തുന്ന ആർക്കെങ്കിലും അവിടെ വച്ച് കോവിഡ്-19 സ്ഥിരീകരിക്കുകയാണെങ്കിൽ രോഗിയുമായി സമ്പർക്കം പുലർത്തിയവർ നിരീക്ഷണത്തിൽ പോകേണ്ടതും, പ്രസ്തുത അതിഥി മന്ദിരവും, പരിസരവും ബന്തവസ്സിൽ ആക്കേണ്ടതും, കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരമുള്ള അണുനശീകരണ പ്രക്രിയകൾക്ക് ശേഷം മാത്രം തുറന്ന് പ്രവർത്തിക്കേണ്ടതുമാണ്.

(6) പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന്റെ മുൻകൂർ ബുക്കിങ് അനുമതി ഉള്ളവർക്ക് മാത്രമേ മുറി അനുവദിക്കാവൂ.

(7) അതിഥി മന്ദിരങ്ങളിലെ ഭക്ഷണശാലകൾ കോവിഡ്-19 മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് മാത്രം പ്രവർത്തിക്കേണ്ടതാണ്.

(8) കോവിഡ് 19 പ്രതിരോധവുമായി ബന്ധപ്പെട്ട 'ബ്രേക്ക് ദ ചെയിൻ' പരിപാടിയുടെ നടപടി ക്രമങ്ങൾ എല്ലാ അതിഥി മന്ദിരങ്ങളിലും കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ടൂറിസം ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(9) സർക്കാർ ആഫീസുകളിലും മററ് തൊഴിലിടങ്ങളിലും ജോലിക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥരും ജീവനക്കാരും പാലിക്കേണ്ട കോവിഡ്-19 തൊഴിൽ സ്ഥല നടപടിക്രമങ്ങളെ സംബന്ധിച്ച് സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ അതിഥി മന്ദിരങ്ങളിലെ ജീവനക്കാർ കർശനമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**കെ.ആർ.ജ്യോതിലാൽ**

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുഭരണ വകുപ്പ്

എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് തലവന്മാർക്കും
ഡയറക്ടർ, ടൂറിസം വകുപ്പ്
സർക്കാർ അതിഥി മന്ദിരങ്ങളിലെ എല്ലാ മാനേജർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ/ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ),
കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കർ/ഡെ.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്

ഉത്തരവിൻപ്രകാരം

അസി.സെക്ഷൻ ഓഫീസർ